## സഹകരണ മേഖലയിലെ വിദ്യാഭ്യാസം, ഗവേഷണം, പരിശീലനം

### 6. സംസ്ഥാന സഹകരണ യൂണിയൻ, സർക്കിൾ സഹകരണ യൂണിയൻ, സംസ്ഥാന സഹകരണ മാനേജ്മെന്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുള്ള സഹായം.

| 2025-26 വിഹിതം | 2025-26 ചെലവ് (31.03.2026) | ശീർഷകം | 2026-27 വിഹിതം |
|---|---|---|---|
| 145.00 | 0.00 | 2425-003-89-31 (ശമ്പളം) | 56.20 |
| 97.00 | 38.50 | 2425-003-89-35 (മൂലധന ആസ്തികളുടെ രൂപീകരണം) | 37.60 |
| 145.00 | 46.50 | 2425-003-89-36 (ശമ്പളേതരം) | 56.20 |
| **387.00** | **85.00** | **ആകെ** | **150.00** |

സർക്കാർ സഹകരണ നയങ്ങൾക്കനുസൃതമായി സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി വകുപ്പുതല ആഫീസർമാരുടെയും സഹകരണ മേഖലയിലെ ജീവനക്കാരുടെയും സഹകാരികളുടേയും അറിവും വൈദഗ്ദ്ധ്യവും വർദ്ധിപ്പിക്കുക എന്നുള്ളതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

എ) കേരള സംസ്ഥാന സഹകരണ യൂണിയനിലെ അംഗങ്ങൾക്കു വേണ്ടിയുള്ള വിദ്യാഭ്യാസ പരിപാടിയുടെ ചെലവിന്റെ ഒരു ഭാഗം.

ബി) പരിശീലന പരിപാടികൾ, സെമിനാറുകൾ എന്നിവയുടെ നടത്തിപ്പിനായി തിരുവനന്തപുരം, കണ്ണൂർ സഹകരണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾക്കുള്ള സഹായം.

സി) വകുപ്പിലെ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി അംഗീകാരമുള്ള പരിശീലന കേന്ദ്രങ്ങളിൽ നിന്ന് വിദഗ്ദ്ധ കമ്പ്യൂട്ടർ കോഴ്സുകളിൽ ഉൾപ്പെടെയുള്ള പരിശീലനം നൽകുന്നതിനായുള്ള സഹായം.

ഡി) കേരള സംസ്ഥാന സഹകരണ യൂണിയന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും നവീകരണത്തിനുമുള്ള സഹായം.

മേൽപ്രവർത്തനങ്ങൾക്കായി 2026-27 ബഡ്ജറ്റിൽ 150.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.